**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ സഹകരണ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എത്ര പേർക്കാണ്; പ്രാഥമിക സഹകരണ സംഘങ്ങളിലെ പരമാവധി പെൻഷൻ നിരക്കും കുറഞ്ഞ പെൻഷൻ നിരക്കും എത്രയാണ്; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന /ജില്ലാ സഹകരണ ബാങ്ക്, മറ്റിതര സംഘങ്ങൾ എന്നീ മൂന്ന് സ്കീമുകളിൽ നിന്നുമായി 31.3.2023 തീയതിയിലെ കണക്ക് പ്രകാരം 24,517 പേർക്ക് പെൻഷൻ നൽകി വരുന്നു.<br>പ്രാഥമിക സഹകരണ സംഘങ്ങളിലെ പരമാവധി പെൻഷൻ 17,850/- രൂപയും, കുറഞ്ഞ പെൻഷൻ 3600/- രൂപയും ആണ്. |
| (ബി) | സംസ്ഥാന സഹകരണ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കേണ്ടി വരുന്നുണ്ട്; പ്രസ്തുത തുക പെൻഷൻ സ്ഥിരഫണ്ടിന്റെ പലിശയിൽ നിന്നും ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക കണ്ടെത്തുന്നത്; വ്യക്തമാക്കാമോ; | (ബി) | 2023 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിനായി 31,75,69,161/- രൂപ ചിലവായിട്ടുണ്ട്. പ്രതിമാസം പെൻഷൻ വിതരണത്തിനായുള്ള മുഴുവൻ തുകയും പെൻഷൻ ഫണ്ടിന്റെ പലിശയിൽ നിന്നും ലഭിക്കുന്നില്ല. പെൻഷൻ ഫണ്ട് നിക്ഷേപത്തിന്റെ പ്രതിമാസ പലിശയായി ലഭിക്കുന്ന തുക പൂർണ്ണമായും ഉപയോഗിച്ച ശേഷം കുറവ് വരുന്ന തുക പ്രതിമാസ പെൻഷൻ ഫണ്ട് കളക്ഷനിൽ നിന്നും കൂടി പിൻവലിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. |
| (സി) | സഹകരണ സംഘങ്ങൾ പ്രതിമാസ പെൻഷൻ ഫണ്ട് വിഹിതമായി അടയ്ക്കേണ്ട തുക സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (സി) | ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം + ഡി.എ. എന്നിവയുടെ 12% ആണ് പെൻഷൻ വിഹിതമായി അടവാക്കേണ്ടത്. |
| (ഡി) | പെൻഷൻ നൽകുവാൻ സ്ഥിര ഫണ്ടിന്റെ പലിശ കൂടാതെ സ്ഥിര നിക്ഷേപം കൂടി ഉപയോഗിക്കേണ്ടി വരുന്നത് സഹകരണ പെൻഷൻ മേഖലയെ പ്രതിസന്ധിയിൽ ആക്കുമെന്ന കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. ആയതിനാൽ പെൻഷൻ പദ്ധതിയുടെ നിലനിൽപ്പിന് വ്യക്തമായ ഒരു നയ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി അദ്ധ്യക്ഷനും ഒരു റിട്ടയേർഡ് അഡീഷണൽ രജിസ്ട്രാർ, ഒരു ചാർട്ടേഡ് അക്കൗണ്ടന്റ്, പെൻഷൻ ബോർഡ് ചെയർമാൻ എന്നിവർ അംഗങ്ങളും |

| | | | |
|---|---|---|---|
| | | | പെൻഷൻ ബോർഡ് സെക്രട്ടറി കൺവീനറും ആയി ഒരു സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ